**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** | **11-09-2023 - ൽ മറുപടിയ്ക്ക്**

**തോലനൂർ ഗവ. കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2019-20 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (10 കോടി) ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ തോലനൂർ ഗവ. കോളേജ് കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലനൂർ ഗവ.കോളേജ് നിർമ്മാണത്തിനായുള്ള സ്ഥലത്തിന്റെ മാറ്റങ്ങൾ വരുത്തിയ സ്കെച്ച്, പ്രത്യേകം സർവ്വേ ചെയ്ത ശേഷം റവന്യൂ ഡിപ്പാർട്ട്മെന്റ് 05/09/2022 ന് കോളേജ് അധികൃതർക്ക് കൈമാറി. അതിന്റെ അടിസ്ഥാനത്തിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ഡ്രോയിംഗ്സ് 2022 നവംബറിൽ ആർക്കിടെക്ടിന് സമർപ്പിക്കുകയും ചെയ്തു. 2022 ഡിസംബറിൽ ആർക്കിടെക്റ്റ് സ്കെച്ച് സ്കീം തയ്യാറാക്കി നൽകി. പ്രസ്തുത സ്കെച്ച് സ്കീം കോളേജ് അധികൃതർ അംഗീകരിച്ച് നൽകിയതിനെ തുടർന്ന് 2023 ഏപ്രിൽ 3-ന് ആർക്കിടെക്ട് ഫൈനൽ ഡ്രോയിംഗ്സ് തയ്യാറാക്കി നൽകി. പ്രസ്തുത ഡ്രോയിംഗ്സ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ മുഖാന്തിരം സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തതിന് ശേഷം 2023 ജൂൺ-ജൂലൈ മാസത്തിൽ മണ്ണ് പരിശോധന പ്രവൃത്തി നിർവ്വഹിക്കുകയുണ്ടായി. മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലനൂർ ഗവ.കോളേജ് നിർമ്മാണത്തിനായുള്ള സ്ഥലത്തിന്റെ മാറ്റങ്ങൾ വരുത്തിയ സ്കെച്ച്, പ്രത്യേകം സർവ്വേ ചെയ്ത ശേഷം റവന്യൂ ഡിപ്പാർട്ട്മെന്റ് 05/09/2022 ന് കോളേജ് അധികൃതർക്ക് കൈമാറി. അതിന്റെ അടിസ്ഥാനത്തിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ഡ്രോയിംഗ്സ് 2022 നവംബറിൽ ആർക്കിടെക്ടിന് സമർപ്പിക്കുകയും ചെയ്തു. 2022 ഡിസംബറിൽ ആർക്കിടെക്റ്റ് സ്കെച്ച് സ്കീം തയ്യാറാക്കി നൽകി. പ്രസ്തുത സ്കെച്ച് സ്കീം കോളേജ് അധികൃതർ അംഗീകരിച്ച് നൽകിയതിനെ തുടർന്ന് 2023 ഏപ്രിൽ 3-ന് ആർക്കിടെക്ട് ഫൈനൽ ഡ്രോയിംഗ്സ് തയ്യാറാക്കി നൽകി. പ്രസ്തുത ഡ്രോയിംഗ്സ്, ടോട്ടൽ |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻ സർവ്വേ മുഖാന്തിരം സൈറ്റിൽ സെറ്റ് ഔട്ട് ചെയ്തതിന് ശേഷം 2023 ജൂൺ-ജൂലൈ മാസത്തിൽ മണ്ണ് പരിശോധന പ്രവൃത്തി നിർവ്വഹിക്കുകയുണ്ടായി. മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ